പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1002 | 12.06.2014 - ൽ മറുപടിക്ക്

# ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള സ്വകാര്യ വിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കെ. സദാശിവൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന എത്ര സ്വകാര്യ വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പി.ഡബ്ല്യു.ഡി. ആക്ട്/റൂൾസ് പ്രകാരം രജിസ്ട്രേഷൻ ലഭിച്ച 292 സ്കൂളുകൾ, മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (വിഭിന്ന ശേഷിയുള്ളവർ) ക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. |
| (ബി) ഇതിൽ എത്രയെണ്ണം എയ്ഡഡ് സ്കൂൾ ആക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട് ; ഇവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;<br><br>(സി) എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നതിന് പ്രത്യേകം അപേക്ഷ ക്ഷണിച്ച സ്കൂളുകളിൽ നിന്നും എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ സ്വകാര്യ സ്കൂളുകളെ എയ്ഡഡ് ആക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ ? | (ബി) യും (സി) യും | മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 100 കുട്ടികളിൽ കൂടുതലുള്ള അംഗീകൃത സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുവാൻ തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) നം.69/2014/ പൊ.വി.വ. തീയതി 28.04.2014 പ്രകാരം ഉത്തരവായിട്ടുണ്ട്.<br>ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് പ്രധാനമായും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്: |

(1) UID പ്രകാരമുള്ള കുട്ടികളുടെ എണ്ണം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം,അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, സ്കൂളുകൾ തമ്മിലുള്ള ദൈർഘ്യം, കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾകൊള്ളിച്ചുകൊണ്ട് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന തീയതി മുതൽക്കേ സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുകയുള്ളൂ.

(2) അതിനുമുൻപ് തത്വത്തിൽ അംഗീകാരം നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർമാർ നിയമനം നടത്തുവാൻ പാടുള്ളതല്ല. ഇപ്രകാരമുള്ള നിയമനങ്ങൾക്ക് യാതൊരു നിയമ സാധുതയോ അംഗീകാരമോ ലഭിക്കുന്നതല്ല.

(3) എയ്ഡഡ് പദവി ലഭിക്കുവാൻ അർഹതയുള്ള സ്കൂളുകളുടെ പട്ടിക, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ തസ്തികകൾ സൃഷ്ടിച്ചതിനുശേഷം മാത്രമേ നിയമനങ്ങൾ നടത്താൻ പാടുള്ളൂ. അപ്രകാരമുള്ള നിയമനങ്ങൾക്കു മാത്രമെ അംഗീകാരം ലഭിക്കുകയുള്ളൂ. അതുവരെ നിലവിലെ സ്ഥിതി തുടരുന്നതായിരിക്കും.

(4) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപക രുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, സ്കൂളുകൾ തമ്മിലുള്ള ദൈർഘ്യം, കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിയ വിശദമായ പ്രൊപ്പോസൽ അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

(5) UID അടിസ്ഥാനമാക്കി 100 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് പദവിയിലേയ്ക്കുയർത്തുന്നതിനായി പ്രത്യേക സമിതി സ്കൂൾ പരിശോധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവിയ്ക്കർഹതയുള്ള സ്കൂളുകളുടെ ലിസ്റ്റ് അടങ്ങിയ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.